നിയമസഭാ സ്പീക്കറുടെ ഓഫീസ്

29-02-2020 ലെ പത്രസമ്മേളനത്തിനുള്ള കുറിപ്പ്

പതിനാലാം കേരള നിയമസഭയുടെ ~പത്തൊൻപതാം സമ്മേളനം മാർച്ച് മാസം 2-ാം തീയതി ആരംഭിക്കുകയാണ്. സമ്മേളനം ആകെ 27 ദിവസം ചേരാനാണ് തീരുമാനിച്ചിട്ടുള്ളത്. ആദ്യദിവസം 2019-20 വർഷത്തെ ബഡ്ജറ്റിലെ ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പുമാണ് നടക്കുന്നത്. തുടർന്ന് 3-ാം തീയതി മുതൽ 2020-21 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന വിശദമായ ചർച്ചക്കും വോട്ടെടുപ്പുമാണ്. അതിനായി ആകെ 13 ദിവസങ്ങളും അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി 5 ദിവസങ്ങളും മാറ്റി വച്ചിട്ടുണ്ട്.

ഗവൺമെന്റ് കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഏഴ് ദിവസങ്ങളിൽ കാര്യോപദേശക സമിതി തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള ബില്ലുകൾ സഭ പരിഗണിക്കുന്നതാണ്. 2020-ലെ കേരള ധനകാര്യ ബില്ലും ഈ സമ്മേളനത്തിൽ പരിഗണിക്കുന്നതാണ്. 2020-21 വർഷത്തെ ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗബിൽ മാർച്ച് മാസം 30-ാം തീയതി സഭ പരിഗണിക്കുന്നതാണ്.. നിശ്ചയിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കി, ~പത്തൊൻപതാം സമ്മേളനം 2020 ഏപ്രിൽ 8-ാം തീയതി അവസാനിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

'കടലാസ് രഹിത നിയമസഭ' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സമ്മേളനത്തിൽ തുടക്കം കുറിച്ച ' ഇ- നിയമസഭ' പദ്ധതി ഈ സമ്മേളനത്തിൽ കുടുതൽ വിപുലീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്കും ജീവനക്കാർക്കുമുള്ള പരിശീലനപരിപാടികൾ നടന്നുവരുന്നു.

ബഹുമുഖമായ മാധ്യമ ഇടപെടലുകൾ നടത്തുന്നതിന് കേരള നിയമസഭയെ സജ്ജമാക്കുന്നതിനും നിയമസഭാ നടപടികളെക്കുറിച്ച് പൊതുജനങ്ങളുടേയും വിദ്യാർത്ഥികളുടേയും ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും സഹായകരമാകുന്ന വിവിധ പരിപാടികൾ നിർമ്മിച്ച് അവ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്നതിനും ഓൺലൈൻ സ്ട്രീമിംഗ് നടത്തുന്നതിനുമുള്ള നടപടികൾ, സംസ്ഥാന നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ ആദ്യമായി കേരള നിയമ സഭയിൽ നടപ്പിലാകുന്നു. ആയതിന്റെ ഉദ്ഘാടനവും ഈ സമ്മേളനകാലത്ത് നടത്തുന്നതാണ്.